# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com

**സർക്കുലർ - ഫെബ്രുവരി 2017**

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

### 1. അതിരൂപതാ മതബോധന കമ്മിറ്റി

2016-17 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2017 മാർച്ച് 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

### 2. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 25ന് ശനിയാഴ്ച്ച രാവിലെ 10.30 മുതൽ 12 മണിവരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

### 3. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള 'കത്തോലിക്കാ സഭ ഇന്നലെയും ഇന്നും' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഫെബ്രുവരി 25ന് തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ ഫെബ്രവരി 22-ാം തീയതിക്കുള്ളിൽ ഓഫീസിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### 4. ഹെഡ്മാസ്റ്റേഴ്സ് റീജനൽ കൂട്ടായ്മ

2016-2017 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മ നടത്തപ്പെടുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ്. (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയേ...)

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 11 ശനി | 09.00 am | പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, ചെറുപുഴ |
| തളിപ്പറമ്പ് | മാർച്ച് 11 ശനി | 02.30 pm | ചെമ്പേരി, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ്, |
| | | | ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 18 ശനി | 02.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

### 5. ആസ്പെക്ട് പരീക്ഷ

അധ്യാപകരുടെ പഠനഭാഗമായി നിശ്ചയിച്ചിരുന്ന ആസ്പെക്ട് പരീക്ഷ ഫെബ്രുവരി 26 ഞായറാഴ്ച്ച ഉച്ചക്ക് 2.30 മുതൽ 4.30 വരെയായിരിക്കും. ചോദ്യപേപ്പർ 25ന് ഫൊറോന കേന്ദ്രത്തിൽനിന്ന് എടുക്കാവുന്നതാണ്. പരീക്ഷ objective type ലായിരിക്കും. ഓരോ ചോദ്യത്തിനും a b c ക്രമത്തിൽ മൂന്ന് ഉത്തരങ്ങൾ ഉണ്ടായിരിക്കും ശരിയായ ഉത്തരം വട്ടംവരച്ച് അടയാളപ്പെടു ത്തുക. ഉദാ. കൂനൻകുരിശ് സത്യം നടന്ന സ്ഥലം ഏത്? a. ഉദയംപേരൂർ (b.) മട്ടാഞ്ചേരി, c. കൊടുങ്ങല്ലൂർ. വെട്ടിതിരുത്തി അടയാളപ്പെടുത്തുന്ന ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല. ദൈവശാസ്ത്ര പഠനാർത്ഥികൾ അവരുടെ answer sheet-ൽ പേര്, രജിസ്റ്റർ നമ്പർ, സെന്റർ എന്നിവ ചേർക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യങ്ങൾ കൃത്യമായി അധ്യാപകരെ അറിയിക്കേണ്ടതാണ്.

### 6. വിശ്വാസോത്സവ വർക്ക് ബുക്ക്, വാർഷിക പരീക്ഷ

വിശ്വാസോത്സവ വർക്ക് ബുക്കുകളുടെ വില, വാർഷിക പരീക്ഷാ തീയതി എന്നിവ സംബന്ധിച്ച വിവരങ്ങൾ കത്ത് മുഖാന്തരം നേരിട്ട് ബഹു. വികാരിയച്ചനെയും ഹെഡ്മാസ്റ്ററെയും ഉടൻതന്നെ അറിയിക്കുന്നതായിരിക്കും.

**7. വിശ്വാസോത്സവ ആൽബം**

ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാത്സോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക്വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ മാർച്ച് മാസത്തിലെ ബുള്ളറ്റിനിൽ കൊടുക്കുന്നതായിരിക്കും.

**വിഷയം : ഭാരത ക്രൈസ്തവ സഭയുടെ സംഭാവനകൾ**

**8. ആദരാഞ്ജലികൾ**

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ചെട്ടിയാംപറമ്പ് സൺഡേ സ്കൂൾ അധ്യാപകനായിരുന്ന ബിജു അഞ്ചാനിക്കൽ സാറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 27 വർഷക്കാലം സൺഡേ സ്കൂൾ അധ്യാപകനും ഹെഡ്മാസ്റ്ററും എന്ന നിലയിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. ബിജു സാറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ